തുഞ്ചത്തെഴുത്തച്ഛൻ

# മലയാളസർവകലാശാല

## എം. എ. പ്രവേശന പരീക്ഷ - 2023

# സാഹിത്യപഠനം

കോഴ്സ് കോഡ് **MUE23MLS - 02**

1. പരീക്ഷാഹാളിൽ അച്ചടക്കം പാലിക്കുക.
2. പരീക്ഷാജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകരുടെ നിർദ്ദേശങ്ങൾ അനുസരിക്കുക.
3. ഉത്തരക്കടലാസ് അന്യോന്യം കൈമാറാൻ ശ്രമിക്കുക, പരീക്ഷ എഴുത്തിൽ മറ്റുള്ളവരെ സഹായിക്കുക, നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുക തുടങ്ങിയുള്ള എല്ലാത്തരം പരീക്ഷാക്രമക്കേടും പരീക്ഷ അസാധുവാക്കുന്നതിന് കാരണമാകും.
4. പരീക്ഷാഹാളിൽ മൊബൈൽ ഫോണിന്റെ/ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം അനുവദിക്കുന്നതല്ല.
5. റോൾനമ്പർ വ്യക്തമായി എഴുതി എന്ന് ഉറപ്പുവരുത്തുക.
6. ഉത്തരക്കടലാസിൽ ഉപയോഗിക്കുന്ന അഡീഷണൽ ഷീറ്റുകളുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
7. കുറഞ്ഞത് 20 മാർക്ക് കിട്ടിയെങ്കിൽ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ.
8. ഒരു മണിക്കൂർ കഴിയുമ്പോൾ ഒന്നാം വിഷയത്തിന്റെ പരീക്ഷ എഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.

സമയം: 1 മണിക്കൂർ | മാർക്ക് 50

I. **1 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക**

**(01 x 25= 25)**

1. 'കാവ്യലോകസ്മരണകൾ' ആരുടെ ആത്മകഥയാണ്?
   a) ഇടശ്ശേരി
   b) വൈലോപ്പിള്ളി ശ്രീധരമേനോൻ
   c) കുമാരനാശാൻ
   d) ഉറൂബ്

2. ടി.എസ്. എലിയറ്റിന്റെ 'വേസ്റ്റ് ലാൻഡ്' മലയാളത്തിലേക്ക് വിവർത്തനം ചെയ്തതാര്?
   a) കടമ്മനിട്ട രാമകൃഷ്ണൻ
   b) ആറ്റൂർ രവിവർമ്മ
   c) അയ്യപ്പപ്പണിക്കർ
   d) സച്ചിദാനന്ദൻ

3. 'മലയാളം' - ആരുടെ കവിതാസമാഹാരം ?
   a) സച്ചിദാനന്ദൻ
   b) ബാലചന്ദ്രൻ ചുള്ളിക്കാട്
   c) വൈലോപ്പിള്ളി ശ്രീധരമേനോൻ
   d) പി.പി. രാമചന്ദ്രൻ

4. 'ലാപുട' - ആരുടെ കവിതാ ബ്ലോഗ്?
   a) എസ്. കലേഷ്
   b) സുധീഷ് കോട്ടേമ്പ്രം
   c) ടി.പി. വിനോദ്
   d) നിരഞ്ജൻ

5. 'മെയ് കണ്ണാകുക' എന്നത് ഏത് കലാരൂപവുമായി ബന്ധപ്പെട്ട പ്രസ്താവനയാണ്?
   a) കൂടിയാട്ടം
   b) തെയ്യം
   c) കളരി
   d) പടയണി

6. മഹാഭാരതം, അഞ്ചുമണിക്കൂറോളം വരുന്ന അവതരണ രൂപത്തിലേക്ക് പരിവർത്തിപ്പിച്ച നാടകകാരൻ ആര്?
   a) ജി. ശങ്കരപ്പിള്ള
   b) ഫിലിപ് സെരില്ലി
   c) പീറ്റർ ബ്രൂക്ക്
   d) ആന്ദ്രെ കുസുമാനോ

7. കേരളത്തിലെ തനതു നാടകവേദിയുടെ പ്രോദ്ഘാടകൻ?
   a) വയലാ വാസുദേവൻപിള്ള
   b) കാവാലം നാരായണപ്പണിക്കർ
   c) എസ്. രാമാനുജം
   d) ഷിബു എസ്. കൊട്ടാരം

8. രൂപിമത്തിന് ഉദാഹരണം?
   a) കുട്ടികൾ
   b) ക്
   c) കുട്ടി
   d) അവൾക്ക്

9. അൽപ വ്യത്യയജോടി ഏതാണ്?
   a) പകൽ - കടൽ
   b) അമ്മ - അമ്മമാർ
   c) പല - വല
   d) മിടുക്ക് - നടുക്ക്

10. ക, കാരം?
    a) വർത്സ്യമാണ്
    b) മൂർദ്ധന്യമാണ്
    c) കണ്ഠ്യമാണ്
    d) താലവ്യമാണ്

11. ആഗത മിശ്രണത്തിന് ഉദാഹരണമാണ്?
    a) ഗവേഷണം
    b) കാർബണീകരണം
    c) ശില്പശാല
    d) ലാപ്ടോപ്

12. വ്യാകരണ മിത്രത്തിന്റെ കർത്താവ്?
    a) എ.ആർ. രാജരാജവർമ്മ
    b) കോവുണ്ണി നെടുങ്ങാടി
    c) ജോർജ്ജ് മാത്തൻ
    d) ശേഷഗിരിപ്രഭു

13. ഏ. ആറിന്റേതല്ലാത്ത വ്യാകരണ കൃതി ഏതാണ്?
a) ദ്രാവിഡഭാഷാ വ്യാകരണം
b) മണിദീപിക
c) ശബ്ദശോധിനി
d) പ്രഥമ വ്യാകരണം

14. ഗതി, ഘടകം, വ്യാക്ഷേപകം എന്നിവയെ പൊതുവെ സൂചിപ്പിക്കുന്ന പദം?
a) ദ്യോതകം
b) ഭേദകം
c) വാചകം
d) പ്രകാരം

15. 'ജാതി വ്യവസ്ഥിതിയും കേരളചരിത്രവും' എന്ന കൃതിയുടെ കർത്താവ്?
a) കെ.പി. പത്മനാഭമേനോൻ
b) പി.കെ. ബാലകൃഷ്ണൻ
c) എം.ആർ. രാഘവവാരിയർ
d) ഇളംകുളം കുഞ്ഞൻപിള്ള

16. 'ചൊങ്കും ചാമ്പ്രാനിയുമുടനുടൻ നുടൻ വന്ന ചോണാടനും' എന്ന് ചോഴനാട്ടിൽ നിന്നുവന്ന ചോണാടൻ എന്ന തോണിയെ കുറിച്ച് പരാമർശമുള്ള കൃതി?
a) ചന്ദ്രോത്സവം
b) ഉണ്ണിയച്ചി ചരിതം
c) ഉണ്ണുനീലി സന്ദേശം
d) ഉണ്ണിച്ചിരുതേവീ ചരിതം

17. വാസനാവികൃതി എന്ന ചെറുകഥ പ്രസിദ്ധീകരിച്ച മാസിക?
a) വിദ്യാവിനോദിനി
b) കവനകൗമുദി
c) വിദ്യാവിലാസിനി
d) ഭാഷാപോഷിണി

18. 'ജയ് ഭീം' ഏതു ഭാഷയിലെ സിനിമയാണ്?
a) മലയാളം
b) തമിഴ്
c) ബംഗാളി
d) മറാത്തി

19. തിരുവനന്തപുരത്ത് നടക്കുന്ന ചലച്ചിത്രമേള?
a) ഐ.എഫ്.എഫ്.ഐ
b) ഐ.എഫ്.എഫ്.കെ
c) ഐ.എഫ്.എഫ്.ടി
d) ഐ.എഫ്.എഫ്.ബി

20. യൂണികോഡ് ഫോണ്ടുകൾ വികസിച്ചുവന്നത്?
a) നവമാധ്യമങ്ങൾ വഴി
b) ആനുകാലികങ്ങൾ വഴി
c) പുസ്തകങ്ങൾ വഴി
d) ഐ.എസ്.എം വഴി

21. 'ഗവേഷണപദ്ധതി' - ആരുടെ കൃതി?
a) എം.വി വിഷ്ണു നമ്പൂതിരി
b) കെ.എം. പ്രഭാകരവാര്യർ
c) ഡി. ബെഞ്ചമിൻ
d) നടുവട്ടം ഗോപാലകൃഷ്ണൻ

22. 'കേരള ഭാഷാസാഹിത്യചരിത്രം' - ആരുടെ കൃതി?
a) ആർ. നാരായണപ്പണിക്കർ
b) ഉള്ളൂർ. എസ്. പരമേശ്വരയ്യർ
c) ടി.എം. ചുമ്മാർ
d) പി. ഗോവിന്ദപ്പിള്ള

23 'A History of Malayalam metre' - ആരുടെ കൃതി?
a) എൻ.വി. കൃഷ്ണവാര്യർ
b) എം. ലീലാവതി
c) എസ്. ഗുപ്തൻ നായർ
d) അപ്പൻ തമ്പുരാൻ

24. 'കാപ്പിരി മുത്തപ്പൻ' - ഏതു നോവലിലെ കഥാപാത്രം?
a) എൻമകജെ
b) നിലം പൂത്തുമലർന്ന നാൾ
c) അടിയാള പ്രേതം
d) എരി

25. 'തിണ വ്യവസ്ഥയും രൂപമഞ്ജരിയും' ആരുടെ പ്രബന്ധം?
a) എസ്.കെ. നായർ
b) അയ്യപ്പപ്പണിക്കർ
c) സുകുമാർ അഴീക്കോട്
d) സി. രാജേന്ദ്രൻ

**II. താഴെ പറയുന്നവയിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ കുറിപ്പെഴുതുക** **(5 x5= 25)**

26. ധ്വനിഭേദങ്ങളെ കുറിച്ച് വിമർശനാത്മകമായി ചർച്ച ചെയ്യുക.

27. സ്ത്രീവാദപരമായ ആശയങ്ങൾ മലയാള ചെറുകഥയിൽ വന്നതിനെപ്പറ്റി പ്രതിപാദിക്കുക?

28. വിവർത്തനത്തിന്റെ വിവിധ സിദ്ധാന്തങ്ങൾ വിശദമാക്കുക?

29. മാതൃഭാഷ, ഒന്നാം ഭാഷ എന്നിവയുടെ സാഹചര്യവും പ്രാധാന്യവും വിലയിരുത്തുക?

30. സാഹിത്യചരിത്രങ്ങളും ഘട്ട വിഭജനവും - ഈ വിഷയത്തിൽ ഉപന്യസിക്കുക.

31. മലയാള സിനിമയെ രാഷ്ട്രീയ ശരികൾ (Political Correctness) എത്രമാത്രം ബാധിച്ചിട്ടുണ്ട്?

32. നവോത്ഥാന ചരിത്രത്തെ അടയാളപ്പെടുത്തുന്നതിൽ മലയാള നാടകവേദിയുടെ സംഭാവനകൾ പരിശോധിക്കുക?

33. ലീലാതിലകത്തിലെ 'കൂന്തൽവാദം' - വിശദമാക്കുക?

-- -- --